പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1732

14.12.2012- ൽ മറുപടിയ്ക്ക്

## ശ്രീചിത്രാ ഹോമിന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കുട്ടികളുടെ അഗതി മന്ദിരമായ ശ്രീചിത്രാ ഹോമിന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | ശ്രീചിത്രാ ഹോമിന്റെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>(1) അന്തേവാസികളുടെ പ്രവേശനം ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖാന്തിരം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.<br>(2) വാർഡർമാരുടെ അടിസ്ഥാന യോഗ്യത അംഗീകൃത സർവ്വകലാശാല ബിരുദമായും മറ്റു ജീവനക്കാരുടെ അടിസ്ഥാന യോഗ്യത ഇതരസ്ഥാപനങ്ങളിലെ സമാന തസ്തികകൾക്ക് തുല്യമായും ഉയർത്തുന്നതിനും നിലവിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നു.<br>(3) 18 വയസ്സിനു താഴെയുള്ള പെൺകുട്ടികൾ, ആൺകുട്ടികൾ 18 വയസിനു മുകളിലുള്ള സ്ത്രീകൾ എന്നിങ്ങനെ മൂന്ന് ഹോമുകളായി രജിസ്റ്റർ ചെയ്ത് പുനഃസംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br>(4) മാസ്റ്റർ പ്ലാൻ അനുസരിച്ച് ശ്രീചിത്രാ ഹോം കെട്ടിടങ്ങൾ യൂസർ ഫ്രണ്ട്‌ലിയായി നവീകരിക്കുന്നതിനും ചുറ്റുമതിൽ ബലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. |

R. Vijayalakshmi

സെക്ഷൻ ഓഫീസർ